21
2021
ഡിസംബർ
ചൊവ്വ
ധനു 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 206 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-206 പേജ് 4. വില 2.00 രൂപ




02 സ്ത്രീധന പ്രശ്നത്തിൽ കുടുംബശ്രീയ്ക്ക് ശക്തമായി ഇടപെടാനാകും: മുഖ്യമന്ത്രി

03 ഓട്ടോ ടാക്സി പണിമുടക്ക്: സംയുക്ത സമരസമിതി പണിമുടക്ക് നോട്ടീസ് നൽകി

04 കെഎസ്ആർടിസി ബസ് ഇനി കഫേ; നിറയെ രുചിയൂറും വിഭവങ്ങൾ

# ആധാറും വോട്ടർ ഐഡിയും ബന്ധിപ്പിക്കും

## ബില്ല് പാസാക്കി ലോക്സഭ

ന്യൂഡൽഹി: ആധാർ നമ്പറും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും തമ്മിൽ ബന്ധിപ്പിക്കാൻ അനുമതി നൽകുന്ന നിയമ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. ശബ്ദവോട്ടുകളോടെയാണ് 'ദ ഇലക്ഷൻ ലോസ് (അമെൻഡ്മെന്റ്) ബിൽ 2021' സഭയിൽ പാസായത്. അതേസമയം, ആധാർ നമ്പറുമായി തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് ബന്ധിപ്പിക്കുന്നതിനെതിരെ കോൺഗ്രസ്, എ. ഐ. എം. ഐ. എം., ബി. എസ്.പി. തുടങ്ങിയ പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തി.



സർക്കാർ നീക്കം പൗരന്മാരുടെ ഭരണഘടനാ അവകാശങ്ങളെ ലംഘിക്കുന്നതാണെന്ന് പ്രതിപക്ഷം ആരോപിച്ചു. ആധാറും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുമായി ബന്ധിപ്പിക്കുന്നതിലൂടെ പൗരന്മാരുടെ സ്വകാര്യതയ്ക്കുള്ള അവകാശം ലംഘിക്കപ്പെടുമെന്നും പ്രതിപക്ഷം ആരോപിച്ചു. ബിൽ പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു. നിയമമന്ത്രി കിരൺ റിജിജുവാണ് ബിൽ അവതരിപ്പിച്ചത്. പ്രതിപക്ഷത്തിന്റെ ബഹളവും പ്രതിഷേധവും മറികടന്നാണ് ബിൽ പാസായത്.

കള്ളവോട്ടു തടയുക എന്നതാണ് ഭേദഗതി ബില്ലിലൂടെ ലക്ഷ്യംവെക്കുന്നത്. ആധാറും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും ബന്ധിപ്പിക്കുന്നതോടെ ഇരട്ടവോട്ട് ഇല്ലാതാകും. ഒരാൾക്ക് ഒരിടത്തുമാത്രമേ വോട്ട് രേഖപ്പെടുത്താൻ കഴിയൂ. തിരഞ്ഞെടുപ്പ് കമ്മിഷൻ നടത്തിയ പൈലറ്റ് പ്രോജക്ട് വിജയമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഭേദഗതി നിർദേശം സർക്കാരിന് മുന്നിൽ സമർപ്പിക്കപ്പെട്ടത്.

വോട്ടർ കാർഡിൽ പേര് ചേർക്കുന്നതിനൊപ്പം ആധാർ നമ്പർകൂടി രേഖപ്പെടുത്തണമെന്ന് ഭേദഗതി ബിൽ നിർദേശിക്കുന്നുണ്ട്. വോട്ടർപ്പട്ടികയിൽ നിലവിൽ പേരുചേർത്തവരോടും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥർക്ക് ആധാർ നമ്പർ ചോദിക്കാം. എന്നാൽ, ആധാർ കാർഡോ നമ്പറോ ഹാജരാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ ഒരാളുടെ പേര് വോട്ടർപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കരുതെന്നും അത്തരം അപേക്ഷകൾ സ്വീകരിക്കാതിരിക്കരുതെന്നും ബിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ളവരെ മറ്റ് തിരിച്ചറിയൽ രേഖകൾ ഹാജരാക്കാൻ അനുവദിക്കണമെന്നും നിർദേശിക്കുന്നു.

ഒരു വ്യക്തിയുടെ പേര് വിവിധ സ്ഥലത്തെ വോട്ടർപ്പട്ടികയിൽ ഉൾപ്പെടുന്ന പ്രശ്നം (ഇരട്ടവോട്ട്) ഒഴിവാക്കുന്നതിനാണ് വോട്ടർപ്പട്ടിക ആധാറുമായി ബന്ധിപ്പിക്കുന്നതെന്ന് ബില്ലിന്റെ ലക്ഷ്യം സംബന്ധിച്ച പ്രസ്താവനയിൽ പറയുന്നുണ്ട്. വോട്ടർപ്പട്ടികയിൽ പേരുചേർക്കുന്നതിന് വർഷത്തിൽ നാലു പ്രാവശ്യം അവസരംനൽകുന്ന രീതിയിൽ സമയക്രമം നിശ്ചയിക്കണമെന്ന് ബില്ലിൽ പറയുന്നു. ജനുവരി 1, ഏപ്രിൽ 1, ജൂലായ് 1, ഒക്ടോബർ 1 എന്നിങ്ങനെ നാല് അവസരങ്ങളിൽ വോട്ടർപ്പട്ടിക പുതുക്കുകയും പേര് ചേർക്കുകയും ചെയ്യാം. സൈനികർക്കും ജീവിതപങ്കാളികൾക്കും നാട്ടിലെ വോട്ടർപ്പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യാൻ അവസരം നൽകും.

## കെഎസ്ആർടിസി ബസ് ഇനി കഫേ; നിറയെ രുചിയൂറും വിഭവങ്ങൾ

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഫോൺ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഉത്തരവിറക്കി പൊതുവിദ്യാഭ്യാസ വകുപ്പ്. കാര്യങ്ങൾ അറിയാൻ സ്ഥാപനങ്ങളിലേക്ക് വിളിക്കാൻ പല ഓഫീസുകൾക്കും ഫോൺ നമ്പർ ഇല്ല എന്ന പരാതിയെ തുടർന്ന് വിദ്യാഭ്യാസ മന്ത്രിയുടെ നിർദേശ പ്രകാരം പരിശോധന നടത്തിയിരുന്നു.

പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള എല്ലാ സ്ഥാപനങ്ങളിലും ലാൻഡ് ഫോൺ ഉണ്ടാകണം. പ്രവർത്തനക്ഷമമല്ലാത്ത ഫോൺ കണക്ഷനുകൾ ഉണ്ടെങ്കിൽ അത് ശരിയാക്കിയെടുക്കാൻ നടപടി വേണം. അത് സാധ്യമല്ലെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ പുതിയ കണക്ഷൻ എടുക്കണം.

ഓരോ ദിവസവും ഓഫീസിലേക്ക് വരുന്ന കാളുകൾ അറ്റൻഡ് ചെയ്യാൻ ഓഫീസ് മേധാവി റൊട്ടേഷൻ അടിസ്ഥാനത്തിൽ ഓഫീസ് ജീവനക്കാർക്ക് ഉത്തരവ് വഴി ചുമതല നൽകണം. ടെലിഫോൺ വഴി പരാതി ലഭിക്കുകയാണെങ്കിൽ അത് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തണം. തുടർ നടപടി രണ്ടാഴ്ചയിലൊരിക്കൽ ഓഫീസ് മേധാവി വിലയിരുത്തണം. ഓഫീസ് പരിശോധനാ വേളയിൽ ബന്ധപ്പെട്ട അധികാരികൾ രജിസ്റ്റർ നിർബന്ധമായും പരിശോധിക്കണം.

അതാത് കാര്യാലയങ്ങളിൽ നിന്നും അയക്കുന്ന കത്തിടപാടുകളിൽ കാര്യാലയത്തിന്റെ ഫോൺ നമ്പർ, ഔദ്യോഗിക ഇമെയിൽ ഐ.ഡി. എന്നിവ നിർബന്ധമായും ഉൾപ്പെടുത്തണം. സ്കൂൾ/ഓഫീസിലേക്ക് വരുന്ന ഫോൺ കോളുകൾക്ക് കൃത്യമായും സൗമ്യമായ ഭാഷയിലും മറുപടി നൽകേണ്ടതാണ്.

ഇക്കാര്യങ്ങൾ ശരിയായ രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് അതാതു സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലെ സീനിയർ സൂപ്രണ്ട് റാങ്കിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ചുമതലപ്പെടുത്തണം. ഈ ഉദ്യോഗസ്ഥന്റെ പേരുവിവരം ഫോൺ നമ്പർ സഹിതം ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഒ&എം സെക്ഷനിലേക്ക് നൽകണം.

ഉത്തരവ് ലഭ്യമായി 10 ദിവസങ്ങൾക്കുള്ളിൽ സ്കൂൾ/ സ്ഥാപനത്തിന്റെ പേര്, ഫോൺ നമ്പർ, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല എന്നിവ ജില്ലാതലത്തിൽ ക്രോഡീകരിച്ച് എക്സൽ ഫോർമാറ്റിലാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒ&എം സെക്ഷനിലെ വിലാസത്തിൽ ലഭ്യമാക്കണമെന്നും ഉത്തരവിൽ പറയുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാൻ ഈ നടപടികൾ സഹായിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഈ നടപടികൾ ഏറെ ഗുണം ചെയ്യുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## സർക്കാർ ഉത്തരവാദിത്വം ഏറ്റെടുത്തേ മതിയാകൂ: പിങ്ക് പോലീസ് കേസിൽ ഹൈക്കോടതി

കൊച്ചി: ആറ്റിങ്ങലിൽ മൊബൈൽ ഫോൺ മോഷ്ടിച്ചെന്ന് ആരോപിച്ച് എട്ടുവയസുകാരിയെ പിങ്ക് പോലീസ് ഉദ്യോഗസ്ഥ പരസ്യമായി വിചാരണ ചെയ്ത സംഭവത്തിൽ നഷ്ടപരിഹാരം നൽകാനാകില്ലെന്ന സർക്കാർ മറുപടിയിൽ അതൃപ്തി അറിയിച്ച് ഹൈക്കോടതി. ഉദ്യോഗസ്ഥ അപമാനിച്ചതിൻറെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണമെന്ന് കോടതി ആവശ്യപ്പെട്ടു.



കുട്ടിക്ക് മൗലികാവകാശ ലംഘനമുണ്ടായിട്ടില്ലെന്ന സർക്കാർ വാദം എത്രത്തോളം ശരിയാണ്. കുട്ടി കരഞ്ഞിട്ടില്ലെന്നാണ് സർക്കാർ പറയുന്നത്. എങ്കിൽ കുട്ടി കരഞ്ഞത് എന്തിനാണെന്ന് സർക്കാർ വ്യക്തമാക്കണം. കുട്ടി കരഞ്ഞുവെന്ന് സാക്ഷി മൊഴികളിൽ വ്യക്തമാണ്. പോലീസ് ഐജി ഈ വീഡിയോ പരിശോധിച്ചോയെന്നും കോടതി ചോദിച്ചു.

സർക്കാർ മറുപടിക്കൊപ്പം വീഡിയോ ഹാജരാക്കാത്തതിലും കോടതി വിമർശനം നടത്തി. വീഡിയോ ഉടൻ ഹാജരാക്കാൻ സർക്കാരിന് നിർദേശം നൽകി. പിങ്ക് പോലീസ് ഉദ്യോഗസ്ഥ പരസ്യമായി വിചാരണ ചെയ്ത സംഭവത്തിൽ നഷ്ടപരിഹാരം നൽകാനാകില്ലെന്നാണ് സർക്കാർ കോടതിയെ അറിയിച്ചത്.

കുട്ടിക്ക് മൗലികാവകാശ ലംഘനം ഉണ്ടായിട്ടില്ലെന്നും ഉദ്യോഗസ്ഥയ്ക്കെതിരെ പരമാവധി നടപടി സ്വീകരിച്ചെന്നും സർക്കാർ കോടതിയിൽ വ്യക്തമാക്കി.

## ഐശ്വര്യയെ ചോദ്യം ചെയ്തതു, പാർലമെന്റിൽ ബിജെപിക്കെതിരെ ജയ ബച്ചൻ

ന്യൂഡൽഹി: ബി.ജെ.പിയ്ക്കെതിരെ പാർലമെന്റിൽ പൊട്ടിത്തെറിച്ച് സമാജ്വാദി പാർട്ടി എം.പി ജയ ബച്ചൻ. ബി.ജെ.പിയുടെ മോശം ദിവസങ്ങൾ ഉടൻ ആരംഭിക്കുമെന്ന് ജയ രാജ്യസഭയിൽ പറഞ്ഞു. വിദേശ നാണയവിനിമയ ചട്ട ലംഘനവുമായി ബന്ധപ്പെട്ട് നടി ഐശ്വര്യാ റായ് ബച്ചനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്(ഇ.ഡി.) ചോദ്യം ചെയ്ത് മണിക്കൂറുകൾക്കകമാണ് ജയ ബി.ജെ.പിയ്ക്കെതിരെ പൊട്ടിത്തെറിച്ചത്.



മയക്കുമരുന്ന് നിയമന്ത്രണ ബില്ലുമായി ബന്ധപ്പെട്ട ചർച്ചകൾക്കിടെയായിരുന്നു നാടകീയ സംഭവങ്ങൾ. ആർക്കെതിരെയും പ്രത്യക്ഷമായി ഒന്നും പറയാതിരുന്ന ജയ ഭരണപക്ഷത്തെ ആക്രമിച്ചാണ് സംസാരിച്ചത്. സ്പീക്കർ തന്റെ പരാതികൾ കേൾക്കുന്നില്ലെന്നും ജയ ആരോപിച്ചു.

ജയ ചെയറിന് നേരെ കൈചൂണ്ടി സംസാരിച്ചു എന്നാരോപിച്ച് ബി.ജെ.പി എം.പി രാകേഷ് സിൻഹ ക്രമപ്രശ്നം ഉന്നയിച്ചതോടെയാണ് വാക്പോര് ആരംഭിച്ചത്. നിങ്ങളുടെ മോശം ദിവസങ്ങൾ ആരംഭിച്ചെന്നും ജയ ഭരണപക്ഷത്തിന് നേരെ നോക്കി പറഞ്ഞു.

വ്യക്തിപരമായ പരാമർശങ്ങൾ സഭയിൽ ഉയർന്നതായി ജയ ബച്ചൻ സ്പീക്കറോട് പരാതി പറഞ്ഞു. താൻ ആർക്കെതിരെയും വ്യക്തിപരമായ പരാമർശങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും സഭയിലുണ്ടായത് ദൗർഭാഗ്യകരമായ സംഭവങ്ങളാണെന്നും ജയ ബച്ചൻ പറഞ്ഞു.

ജയ ബച്ചനും ഭരണപക്ഷ എം.പി മാരും തമ്മിലുള്ള വാക്പോരിനെ തുടർന്നുള്ള പ്രതിപക്ഷ ബഹളത്തിൽ സഭ ഇന്ന് നേരത്തെ പിരിഞ്ഞു.

'പാനമ പേപ്പറു'കളിലൂടെയുള്ള വെളിപ്പെടുത്തലുകളെ തുടർന്നാണ് ഇ.ഡി. ഐശ്വര്യയെ ചോദ്യംചെയ്തത്. ഡൽഹിയിൽ നടന്ന ചോദ്യം ചെയ്യലിൽ അന്വേഷണ ഏജൻസി ഐശ്വര്യയുടെ മൊഴി രേഖപ്പെടുത്തി.

വിദേശരാജ്യങ്ങളിൽ രഹസ്യനിക്ഷേപം നടത്തിയെന്ന ആരോപണത്തെ കുറിച്ച് ഐശ്വര്യയോട് ഇ.ഡി. വിവരങ്ങൾ ആരാഞ്ഞതായാണ് വിവരം. ബോളിവുഡ് താരം അമിതാഭ് ബച്ചന്റെ മരുമകൾ കൂടിയായ ഐശ്വര്യക്ക് മുൻപ് രണ്ടുതവണ ഇ.ഡി. സമൻസ് അയച്ചിരുന്നു. എന്നാൽ ഹാജരാകാൻ ഐശ്വര്യ കൂടുതൽ സമയം ആവശ്യപ്പെടുകയായിരുന്നു.



### രാഷ്ട്രപതി 21ന് കേരളത്തിലെത്തും

രാഷ്ട്രപതി രാംനാഥ് കോവിന്ദ് വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി 21ന് കേരളത്തിലെത്തും. ഉച്ചയ്ക്ക് 12.30ന് ഇന്ത്യൻ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ കണ്ണൂരിലെത്തുന്ന രാഷ്ട്രപതി വൈകിട്ട് 3.30ന് കേന്ദ്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ സംബന്ധിക്കും. ഇതിനു ശേഷം കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് കൊച്ചി നേവൽ എയർബേസിലെത്തും.

22ന് രാവിലെ 9.50ന് ദക്ഷിണ മേഖലാ നാവിക കമാൻഡിന്റെ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് വിക്രാന്ത് സെൽ സന്ദർശിക്കും. 23ന് രാവിലെ 10.20ന് കൊച്ചിയിൽ നിന്ന് തിരിച്ച് 11 മണിക്ക് തിരുവനന്തപുരം വിമാനത്താവളത്തിലെത്തും. രാവിലെ 11.30ന് പൂജപ്പുരയിൽ പി. എൻ. പണിക്കരുടെ വെങ്കല പ്രതിമ അനാച്ഛാദനം രാഷ്ട്രപതി നിർവഹിക്കും. 24ന് രാവിലെ രാജ്ഭവനിൽ നിന്ന് തിരിച്ച് തിരുവനന്തപുരം വിമാനത്താവളത്തിലെത്തും. 9.50ന് ഇവിടെ നിന്ന് ഡൽഹിയിലേക്ക് തിരിക്കും.

### എച്ച്. ഡി. സി ആൻഡ് ബി. എം പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന എച്ച്.ഡി.സി ആൻഡ് ബി.എം പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പാലാ സഹകരണ പരിശീലന കോളേജിലെ ദിവ്യ പ്രസാദിനാണ് ഒന്നാം റാങ്ക്. തൃശ്ശൂർ സഹകരണ പരിശീലന കോളേജിലെ ഫ്ളവർ കെ. പോളി രണ്ടാം റാങ്കും രമ്യ എം.എം മൂന്നാം റാങ്കും നേടി. 90.08 ശതമാനമാണ് വിജയം. പരീക്ഷ ഫലം ०००.രൌ.സല്യമഹമ.ഴീ.ശിൽ ലഭ്യമാണ്.

### കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ് തിരുവനന്തപുരത്ത്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 27 മുതൽ 30 വരെ തിരുവനന്തപുരം ജില്ലയിൽ സിറ്റിംഗ് നടത്തും. കമ്മീഷൻ ആസ്ഥാനത്തെ സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. രാവിലെ 10ന് സിറ്റിംഗ് ആരംഭിക്കും. അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഹാജരാകാൻ നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം.

## എയ്ഡഡ് സ്കൂളുകളിലെ പാർട്ട് ടൈം അധ്യാപകർക്ക് പി എഫ് അനുകൂല്യം

എയ്ഡഡ് സ്കൂളുകളിലെ പാർട്ട് ടൈം ടീച്ചേഴ്സ് / പാർട്ട് ടൈം ടീച്ചേഴ്സ് വിത്ത് ഫുൾ ബെനിഫിറ്റ് വിഭാഗം അധ്യാപകർക്ക് കെ.എ.എസ്.ഇ.പി.എഫിൽ അംഗത്വം നല്കുന്നതിനുള്ള അനുമതി നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിട്ടു. ഈ വിഭാഗം ജീവനക്കാരിൽ നേരത്തെ കെ.എ.എസ്.ഇ.പി.എഫ് അംഗത്വം ലഭിച്ചവരുണ്ടെങ്കിൽ അവർക്ക് ഉത്തരവ് ദോഷകരമായി ബാധിക്കില്ലെന്നും വ്യവസ്ഥയുണ്ട്.

സർക്കാർ സ്കൂളുകളിലെ പാർട്ട് ടൈം അധ്യാപകർക്ക് ജി.പി.എഫ് അക്കൗണ്ട് തുടങ്ങാൻ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. അതിനനുസരിച്ചാണ് എയ്ഡഡ് മേഖലയിലെ പാർട്ട് ടൈം അധ്യാപകർക്കും കെ.എ.എസ്.ഇ.പി.എഫ് തുടങ്ങുവാനുള്ള അനുമതി നൽകിയത്. അക്കൗണ്ട് ലഭിച്ചിട്ടില്ല എന്ന കാരണത്താൽ എയ്ഡഡ് മേഖലയിലെ പാർട്ട് ടൈം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തുന്നതിന് നേരിടുന്ന തടസ്സം ചൂണ്ടിക്കാണിച്ചുള്ള നിവേദനങ്ങൾ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടെ ശ്രദ്ധയിൽ പെട്ടിരുന്നു. തുടർന്ന് ഇക്കാര്യം പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ മന്ത്രി നിർദേശം നൽകുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട കെ ഇ ആർ ഭേദഗതിക്കുള്ള പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കണമെന്നും ഉത്തരവിൽ പറയുന്നു.

### സ്പോട്ട് അഡ്മിഷൻ

പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന് (സി.എഫ്.ആർ.ഡി)ന്റെ കീഴിൽ കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി (സി.എഫ്.റ്റികെ) നടത്തുന്ന 24ന് രാവിലെ 10.30ന് സ്പോട്ട് അഡ്മിഷൻ നടക്കും. ഫോൺ: 04682240047, 9846585609.

# സ്ത്രീധന പ്രശ്നത്തിൽ കുടുംബശ്രീയ്ക്ക് ശക്തമായി ഇടപെടാനാകും: മുഖ്യമന്ത്രി




സ്ത്രീപക്ഷ നവകേരളം പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിലെ സ്ത്രീധന പ്രശ്നങ്ങളിൽ കുടുംബശ്രീയ്ക്ക് ശക്തമായി ഇടപെടാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്ത്രീധനത്തിനും സ്ത്രീധന പീഡനത്തിനുമെതിരെ കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്ത്രീപക്ഷ നവകേരളം പരിപാടി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒരു പ്രദേശത്ത് സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടാകുമ്പോൾ കുടുംബശ്രീയുടെ ഇടപെടൽ ഉണ്ടാവണം. തിൻമയ്ക്കെതിരെ ശബ്ദമുയർത്താൻ കഴിയുന്നവരുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരണം. വിവാഹാലോചന ഘട്ടത്തിൽ സ്ത്രീധന ചർച്ച വന്നാൽ അതിന് എതിരെ പ്രതികരിക്കണം.

വിവാഹ ശേഷമാണ് സ്ത്രീധന വിഷയം വരുന്നതെങ്കിൽ നാടിനെയാകെ ഇടപെടീക്കാനുള്ള ശ്രമം കുടുംബശ്രീയുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. ഏറ്റവും വലിയ സാമൂഹ്യ ഉത്തരവാദിത്തമാണത്. സമൂഹത്തിലെ നൻമ ആഗ്രഹിക്കുന്ന എല്ലാ ശക്തികളും ഇതിൽ കുടുംബശ്രീയ്ക്കൊപ്പം അണിചേരും. ഇത്തരം തിൻമകൾക്കെതിരെ ശക്തമായ നടപടികളുമായി സർക്കാർ സംവിധാനവും ഒപ്പം ഉണ്ടാവുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

തെറ്റിനെതിരെ പ്രതികരിക്കാൻ ഓരോ യുവതിയെയും പ്രാപ്തമാക്കണം. സമൂഹത്തിന്റെ പൊതുബോധം ഉയർത്തുന്നതിനുള്ള ഇടപെടലുകളാണ് ആവശ്യം. നവോത്ഥാന പ്രവർത്തനങ്ങളുടെ തുടർച്ചയുടെ ഫലമായി സ്ത്രീകൾക്ക് സമൂഹത്തിൽ വലിയ തോതിൽ മുന്നേറാൻ കഴിഞ്ഞു. ഇന്ന് ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ സ്ത്രീകൾക്ക് അവകാശമുണ്ട്. എന്നാൽ മുമ്പ് അങ്ങനെയായിരുന്നില്ല. ഒരു കാലത്ത് കുട്ടിത്തം മാറും മുമ്പേ വിവാഹം നടത്തുന്ന സാഹചര്യമായിരുന്നു. ചെറുപ്പത്തിലേ വിധവയായാലും പുനർവിവാഹനവും സാധ്യമായിരുന്നില്ല. പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്ക് അവകാശവും നൽകിയിരുന്നില്ല. പെൺകുട്ടികൾക്ക് വലിയ തോതിൽ വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ടിരുന്നു. ഇതിനെല്ലാമെതിരെ വലിയ പ്രക്ഷോഭം സമൂഹത്തിൽ ഓരോ ഘട്ടത്തിലും ഉയർന്നുവന്നിട്ടുണ്ട്.

ജാതിമതഭേദമന്യേ എല്ലാവരും ഒന്നിച്ചു നിന്ന് വിവിധ മാറ്റങ്ങൾക്കായി ശ്രമിച്ച ചരിത്രമാണ് കേരളത്തിൽ കാണാനാവുക. കർഷക തൊഴിലാളികൾക്കും കൃഷിക്കാർക്കും മറ്റു തൊഴിലാളികൾക്കുമെല്ലാം നേട്ടം സ്വന്തമാക്കാനായത് കൂട്ടായി നിന്ന് പ്രവർത്തിച്ചതിനാലാണ്. ശ്രീനാരായണ ഗുരു, ചട്ടമ്പി സ്വാമി, അയ്യൻകാളി, അയ്യാവൈകുണ്ഠ സ്വാമി തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കൾ വിവിധ രീതികളിൽ സമൂഹത്തിന്റെ തിൻമകൾക്കെതിരെ പോരാട്ടത്തിന് നേതൃത്വം നൽകി. സംസ്ഥാനത്ത് ഇവരുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുടർച്ചയുണ്ടായി. ദേശീയ, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നവോത്ഥാന മുദ്രാവാക്യം ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി വലിയ തോതിലുള്ള ഇടപെടൽ വർഗസമരത്തിന്റെ രൂപത്തിൽ കേരളത്തിൽ രൂപപ്പെട്ടു. കൃത്യമായ പിന്തുടർച്ച കേരളത്തിൽ ഉണ്ടായതിനാലാണ് ഇവിടെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സ്ത്രീധനത്തിന്റെ പേരിൽ നിരവധി പരാതികളാണ് ഉയർന്നു വരുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശസ്വയംഭരണ മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സ്ത്രീധനത്തിനെതിരെ യുവാക്കളും മുന്നോട്ടു വരണം. സ്ത്രീകൾ വീട്ടിൽ ചെയ്യുന്ന ജോലികൾക്ക് അതിന്റേതായ മൂല്യമുണ്ട്. ഇരുവരും ചേർന്ന് കുടുംബത്തെ പോറ്റുന്നു എന്ന തരത്തിൽ ജനാധിപത്യപരമായ ചിന്ത പുരുഷന് ഉണ്ടാവണമെന്ന് മന്ത്രി പറഞ്ഞു.

സ്ത്രീപക്ഷ നവകേരളം പരിപാടി സ്ത്രീ സമൂഹത്തിന് വലിയ ഊർജവും കരുത്തും പകരുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. സ്ത്രീകൾക്ക് എതിരായ അതിക്രമം തടയാൻ പലതലത്തിലുള്ള ഇടപെടൽ അനിവാര്യമാണ്.

സ്ത്രധനത്തിന് എതിരായ ചെറുത്തുനിൽപ്പിന് സമൂഹത്തിന്റെ ഇടപെടൽ ഉണ്ടാവണം. മികച്ച വിദ്യാഭ്യാസം നൽകി സ്വന്തം കാലിൽ നിൽക്കാൻ പെൺകുട്ടികളെ പ്രാപ്തരാക്കണമെന്ന് മന്ത്രി പറഞ്ഞു. പരിപാടിയുടെ സമീപന രേഖ മന്ത്രി പ്രകാശനം ചെയ്തു.

കുടുംബശ്രീ ഫോട്ടോഗ്രാഫി മത്സരത്തിന്റെ സമ്മാനദാനം മേയർ ആര്യാ രാജേന്ദ്രൻ നിർവഹിച്ചു. ക്രൈം മാപ്പിംഗ് പ്രക്രിയയുടെ പ്രഖ്യാപനം കേരള വനിത കമ്മീഷൻ അധ്യക്ഷ പി. സതീദേവി നിർവഹിച്ചു. കാമ്പയിൻ അംബാസഡർ കൂടിയായ നടി നിമിഷ സജയൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വി. കെ. പ്രശാന്ത് എം.എൽ.എ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഐ. ശ്രീവിദ്യ, ജനപ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

# 'യുപിയിലെ ജനങ്ങൾ പറയുന്നു യുപി പ്ലസ് യോഗി, ബഹുത് ഹേ ഉപയോഗി യുപിവൈഒജിഐ'

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉത്തർപ്രദേശിലെ ഷാജഹാൻപൂരിൽ ഗംഗ എക്സ്പ്രസ് വേയുടെ തറക്കല്ലിട്ടു. ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ശ്രീ ബി എൽ വർമ്മ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കക്കോരി സംഭവത്തിലെ വിപ്ലവകാരികളായ രാം പ്രസാദ് ബിസ്മിൽ, അഷ്ഫാഖ് ഉള്ളാ ഖാൻ, റോഷൻ സിംഗ് എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചാണ് സമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി ആരംഭിച്ചത്. പ്രാദേശിക ഭാഷയിൽ സംസാരിക്കവേ, സ്വാതന്ത്ര്യ സമര കവികളായ ദാമോദർ സ്വരൂപ് 'വിദ്രോഹി', രാജ് ബഹദൂർ വികൽ, അഗ്നിവേശ് ശുക്ല എന്നിവരെ പ്രധാനമന്ത്രി ആദരിച്ചു. 'നാളെ പണ്ഡിറ്റ് രാം പ്രസാദ് ബിസ്മിൽ, അഷ്ഫാഖ് ഉള്ളാ ഖാൻ, താക്കൂർ റോഷൻ സിംഗ് എന്നിവരുടെ രക്തസാക്ഷിത്വ ദിനമാണ്. ബ്രിട്ടീഷ് ഭരണത്തെ വെല്ലുവിളിച്ച ഷാജഹാൻപൂരിന്റെ ഈ മൂന്ന് മക്കളെയും ഡിസംബർ 19 ന് തൂക്കിലേറ്റി. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച അത്തരം വീരന്മാരോട് നാം കടപ്പെട്ടിരിക്കുന്നു", പ്രധാനമന്ത്രി പറഞ്ഞു.

എല്ലാ ഐശ്വര്യങ്ങളുടെയും എല്ലാ പുരോഗതിയുടെയും ഉറവിടം ഗംഗ മാതാവാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. മാ ഗംഗ എല്ലാ സന്തോഷവും നൽകുന്നു, എല്ലാ വേദനകളും അകറ്റുന്നു.

അതുപോലെ, ഗംഗ എക്സ്പ്രസ് വേയും യുപിക്ക് പുരോഗതിയുടെ പുതിയ വാതിലുകൾ തുറക്കും. ഇത് സംസ്ഥാനത്തിന് അഞ്ച് അനുഗ്രഹങ്ങളുടെ ഉറവിടമാകുമെന്ന് എക്സ്പ്രസ് വേകൾ, പുതിയ വിമാനത്താവളങ്ങൾ, റെയിൽവേ റൂട്ടുകൾ എന്നിവയുടെ ശൃംഖലയെ പരാമർശിച്ച് പ്രധാനമന്ത്രി പറഞ്ഞു. ആദ്യത്തെ അനുഗ്രഹം ജനങ്ങളുടെ സമയം ലാഭിക്കൽ. രണ്ടാമത്തെ അനുഗ്രഹം നങ്ങളുടെ സൗകര്യത്തിലും എളുപ്പത്തിലും വർദ്ധനവ്. മൂന്നാമത്തെ അനുഗ്രഹം യുപിയുടെ വിഭവങ്ങളുടെ ശരിയായ ഉപയോഗം. നാലാമത്തെ അനുഗ്രഹം യുപിയുടെ കഴിവുകളിൽ വർദ്ധനവ്. അഞ്ചാമത്തെ അനുഗ്രഹം യുപിയിൽ സർവതോന്മുഖമായ അഭിവൃദ്ധി.

ഇന്ന് യുപിയിൽ നിർമിക്കുന്ന ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ധനം എങ്ങനെ ശരിയായി വിനിയോഗിക്കുന്നുവെന്ന് കാണിക്കുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. "മുമ്പ് പൊതു പണം എങ്ങനെ ഉപയോഗിച്ചുവെന്ന് നിങ്ങൾ വ്യക്തമായി കണ്ടു. എന്നാൽ ഇന്ന് ഉത്തർപ്രദേശിന്റെ പണം ഉത്തർപ്രദേശിന്റെ വികസനത്തിനായി നിക്ഷേപിക്കുകയാണ്", പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. യുപി മുഴുവനും ഒരുമിച്ച് വളരുമ്പോൾ രാജ്യം പുരോഗതി പ്രാപിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. അതുകൊണ്ട് തന്നെ യുപിയുടെ വികസനത്തിലാണ് ഇരട്ട എൻജിൻ ഗവണ്മെന്റിന്റെ ശ്രദ്ധ. സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ മന്ത്രങ്ങൾ ഉപയോഗിച്ച് യുപിയുടെ വികസനത്തിനായി ഞങ്ങൾ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. അഞ്ച് വർഷം മുമ്പാണ് പ്രധാനമന്ത്രി ഈ സാഹചര്യത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചത്. "സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങൾ ഒഴികെ മറ്റ് നഗരങ്ങളിലും ഗ്രാമങ്ങളിലും വൈദ്യുതി ലഭ്യമല്ല. ഇരട്ട എഞ്ചിൻ സർക്കാർ യുപിയിൽ 80 ലക്ഷം സൗജന്യ വൈദ്യുതി കണക്ഷനുകൾ മാത്രമല്ല, എല്ലാ ജില്ലകൾക്കും മുമ്പത്തേക്കാൾ എത്രയോ മടങ്ങ് വൈദ്യുതി നൽകുന്നു, "അദ്ദേഹം കൂട്ടിച്ചേർത്തു. 30 ലക്ഷത്തിലധികം പാവപ്പെട്ട ആളുകൾക്ക് പക്ക വീടുകൾ ലഭിച്ചുവെന്നും ശേഷിക്കുന്ന അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഈ കാമ്പയിൻ തുടരുമെന്നും അദ്ദേഹം പറഞ്ഞു. ഷാജഹാൻപൂരിലും 50,000 പക്ക വീടുകൾ നിർമ്മിച്ചു.

ദളിതരുടെയും പിന്നോക്കക്കാരുടെയും പിന്തള്ളപ്പെട്ടവരുടെയും വികസനത്തിന് തന്റെ തലത്തിൽ ആദ്യമായാണ് മുൻഗണന നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവരും പിന്തള്ളപ്പെട്ടവരുമായ ആർക്കും വികസനത്തിന്റെ നേട്ടങ്ങൾ എത്തിക്കുക എന്നതാണ് ഗവണ്മെന്റിന്റെ മുൻഗണന. നമ്മുടെ കാർഷിക നയത്തിലും കർഷകരുമായി ബന്ധപ്പെട്ട നയത്തിലും ഇതേ വികാരമാണ് പ്രതിഫലിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാജ്യത്തിന്റെ പൈതൃകത്തിനും രാജ്യത്തിന്റെ വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളെ വെറുക്കുന്ന മാനസികാവസ്ഥയെ പ്രധാനമന്ത്രി വിമർശിച്ചു. പാവപ്പെട്ടവരെയും സാധാരണക്കാരെയും ആശ്രയിക്കാൻ ഇത്തരം സംഘടനകൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

"കാശിയിൽ ബാബ വിശ്വനാഥന്റെ മഹത്തായ ധാമിന്റെ നിർമ്മാണത്തിൽ ഈ ആളുകൾക്ക് ഒരു പ്രശ്നമുണ്ട്. അയോധ്യയിൽ ശ്രീരാമന്റെ മഹത്തായ ക്ഷേത്രം പണിയുന്നതുമായി ബന്ധപ്പെട്ട് ഈ ആളുകൾക്ക് പ്രശ്നമുണ്ട്. ഗംഗാജിയുടെ ശുചിത്വ കാമ്പയിനുമായി ഈ ആളുകൾക്ക് ഒരു പ്രശ്നമുണ്ട്.

ഇക്കൂട്ടരാണ് ഭീകരതയുടെ ഉടമകൾക്കെതിരായ സൈന്യത്തിന്റെ നടപടിയെ ചോദ്യം ചെയ്യുന്നത്. ഇവരാണ് ഇന്ത്യൻ ശാസ്ത്രജ്ഞർ നിർമ്മിച്ച കൊറോണ വാക്സിൻ ഡോക്കിൽ വെച്ചത്", പ്രധാനമന്ത്രി പറഞ്ഞു. സമീപകാലത്ത് മെച്ചപ്പെട്ട രീതിയിൽ മാറിയ സംസ്ഥാനത്തെ ക്രമസമാധാന നില മോശമായത് അദ്ദേഹം അനുസ്മരിച്ചു. യു. പി.വൈ .ഓ ജി ഐ യു പി പ്ലസ് യോഗി ബഹുത് ഹേ ഉപയോഗി (വളരെ ഉപയോഗപ്രദമാണ്) എന്ന സൂത്രവാക്യം പ്രധാനമന്ത്രി നൽകി.

രാജ്യത്തുടനീളം അതിവേഗ കണക്റ്റിവിറ്റി നൽകാനുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടാണ് എക്സ്പ്രസ് വേയുടെ പിന്നിലെ പ്രചോദനം. 36,200 കോടി രൂപ ചെലവിൽ 594 കിലോമീറ്റർ നീളമുള്ള ആറുവരി എക്സ്പ്രസ് വേയാണ് നിർമിക്കുന്നത്. മീററ്റിലെ ബിജൗലി ഗ്രാമത്തിന് സമീപം ആരംഭിക്കുന്ന എക്സ്പ്രസ് വേ പ്രയാഗ്രാജിലെ ജുദാപൂർ ദണ്ഡു ഗ്രാമത്തിന് സമീപം വരെ നീളും. മീററ്റ്, ഹാപൂർ, ബുലന്ദ്ഷഹർ, അംരോഹ, സംഭാൽ, ബുദൗൺ, ഷാജഹാൻപൂർ, ഹർദോയ്, ഉന്നാവോ, റായ്ബറേലി, പ്രതാപ്ഗഡ്, പ്രയാഗ്രാജ് എന്നിവിടങ്ങളിലൂടെ ഇത് കടന്നു പോകുന്നു.

നിർമ്മാണം പൂർത്തിയാകുമ്പോൾ, സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ, കിഴക്കൻ മേഖലകളെ ബന്ധിപ്പിക്കുന്ന ഉത്തർപ്രദേശിലെ ഏറ്റവും ദൈർഘ്യമേറിയ അതിവേഗ പാതയായി ഇത് മാറും. എയർഫോഴ്സ് വിമാനങ്ങൾ അടിയന്തരമായി പറന്നുയരുന്നതിനും ലാൻഡിംഗിനും സഹായിക്കുന്നതിന് 3.5 കിലോമീറ്റർ നീളമുള്ള എയർ സ്ട്രിപ്പും ഷാജഹാൻപൂരിലെ എക്സ്പ്രസ് വേയിൽ നിർമ്മിക്കും. എക്സ്പ്രസ് വേയ്ക്കൊപ്പം ഒരു വ്യാവസായിക ഇടനാഴിയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

വ്യാവസായിക വികസനം, വ്യാപാരം, കൃഷി, വിനോദസഞ്ചാരം തുടങ്ങി ഒന്നിലധികം മേഖലകൾക്ക് എക്സ്പ്രസ് വേ സഹായകമാകും. മേഖലയുടെ സാമൂഹികസാമ്പത്തിക വികസനത്തിന് ഇത് വലിയ ഉത്തേജനം നൽകും.

# ഓട്ടോ ടാക്സി പണിമുടക്ക്: സംയുക്ത സമര സമിതി പണിമുടക്ക് നോട്ടീസ് നൽകി

തിരുവനന്തപുരം: വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ 30 ന് ഓട്ടോ ടാക്സി തൊഴിലാളികൾ നടത്തുന്ന പണിമുടക്കിന് മുന്നോടിയായി ഗതാഗത വകുപ്പിന് പണിമുടക്ക് നോട്ടീസ് നൽകി. 30 ലെ പണിമുടക്കിനെ തുടർന്നും നടപടിയുണ്ടായില്ലായെങ്കിൽ ജനുവരി മാസത്തിൽ അനിശ്ചിത കാല പണിമുടക്കിലേക്ക് പോകുമെന്നും സമരസമിതി അറിയിച്ചു.

പണിമുടക്ക് നോട്ടീസിൽ സംയുക്ത സമര നേതാക്കളായ കെ സി ജയപാൽ, പട്ടം ശശിധരൻ, മൈക്കിൾ ബാസ്റ്റ്യൻ , കെ എസ് സുനിൽകുമാർ, കെ ജയമോഹനൻ, നാലാഞ്ചിറഹരി , വി ആർ പ്രതാപൻ, പിടി പോൾ , വി എകെ തങ്ങൾ, സി ടി വിജയൻ, കവടിയാർ ധർമ്മൻ, മനോജ് പെരുമ്പള്ളി, ജോസ് കുട്ടി പൂവേലി, മനയത്ത് ചന്ദ്രൻ, സലീം ബാബു എന്നിവർ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് പണിമുടക്ക് നോട്ടീസിൽ ഒപ്പ് വച്ചു.

ഇന്ധനവില വർധനയും ജിവിത ചെലവും വർധിച്ച സാഹചര്യത്തിൽ ഓട്ടോ ടാക്സി നിരക്ക് പുതുക്കി നിശ്ചയിക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം. പഴയ വാഹനങ്ങളിൽ ജിപിഎസ് ഒഴിവാക്കുക, പഴയ വാഹനങ്ങൾ പൊളിക്കുന്നത് 15 വർഷം എന്നത് 20 വർഷമായി നീട്ടുക, ഇഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നിർബന്ധമാക്കുക, കോവിഡുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ ആർടി ഓഫീസുകളിലെ ഉദ്യോഗസ്ഥരെ കൊണ്ട് നടപ്പിലാക്കുക, കള്ളടാക്സി, റെന്റ് എ കാർ എന്നിവയ്ക്ക്മേൽ നടപടി സ്വീകരിക്കുക, സിഎൻജി ഹൈഡ്രോ ടെസ്റ്റിങ് മൂന്ന് വർഷം എന്നത് അഞ്ച് വർഷമായി നീട്ടുക, സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ ഹൈഡ്രോ ടെസ്റ്റിങ് സെന്റർ ആരംഭിക്കുക, ജനസാന്ദ്രതയ്ക്ക് അനുസൃതമായി പ്രധാന നഗരങ്ങളിൽ പെർമിറ്റ് അനുവദിക്കുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചാണ് സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ പണിമുടക്കുന്നത്.

## പട്ടികജാതി/വർഗക്കാർക്ക് സൗജന്യ തൊഴിൽ പരിശീലനവും റിക്രൂട്ട്മെന്റും

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പ്രമുഖ മൾട്ടി നാഷണൽ കമ്പനിയായ ടാറ്റാ കൺസൾട്ടൻസി സർവീസുമായി (ടി.സി.എസ്) ചേർന്ന് പട്ടികജാതി/ വർഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്കു വേണ്ടി 100 മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ സൗജന്യ തൊഴിൽ പരിശീലന പരിപാടിയും റിക്രൂട്ട്മെന്റും നടത്തും.

ബി.എ/ബി.ബി.എ/ബി.ബി.എം/ബി.കോം/ബി.എസ്സി (കമ്പ്യൂട്ടർ സയൻസ് ആന്റ് ഐ.ടി ഒഴിച്ച്) വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. ബി.ടെക്/ ബി.സി.എ/ ബിരുദാനന്തരബിരുദക്കാർ അപേക്ഷിക്കേണ്ടതില്ല. 2019ലോ 2020ലോ ബിരുദം നേടിയവരോ 2021ൽ അവസാനവർഷ ബിരുദ വിദ്യാർഥികളോ ആയിരിക്കണം.

യോഗ്യതയുള്ള പട്ടികജാതി/ വർഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ കോപ്പിയും സഹിതം സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/എസ്.ടിസ്, മ്യൂസിക് കോളേജിന് പിൻവശം, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിലോ രഴര്ോസലൃമഹമ@ഴാമശഹ.രീാ ലോ 31ന കം ലഭ്യമാക്കണം. ഫോൺ: 0471 2332113.

## പ്ലേസ്മെന്റ് ഡ്രൈവ് ജനുവരി മൂന്നിന്

കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലെ മോഡൽ കരിയർ സെന്ററിന്റെ നേതൃത്വത്തിൽ ജനുവരി മൂന്നിനു രാവിലെ 10.30 മുതൽ സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും. തിരുവനന്തപുരം പി.എം.ജിയിലെ സ്റ്റുഡന്റ്സ് സെന്ററിലുള്ള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ നടക്കുന്ന പ്ലേസ്മെന്റ് ഡ്രൈവിൽ തിരുവനന്തപുരം ജില്ലയിലെ രണ്ടു സ്വകാര്യ സ്ഥാപനങ്ങളിലെ 85 ഒഴിവുകളിൽ നിയമനം നടത്തും.

## പുതുവത്സരക്രിസ്മസ് ചന്തകൾ 22 മുതൽ

തിരുവനന്തപുരം: ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ പുതുവത്സരക്രിസ്മസ് ചന്തകൾ ആരംഭിക്കും.

ഡിസംബർ 22 മുതൽ ജനുവരി ഒന്നു വരെയാണ് ചന്തകൾ പ്രവർത്തിക്കുകയെന്ന് കൃഷിമന്ത്രി പി പ്രസാദ് അറിയിച്ചു. ഓരോ വാർഡിലും പത്തു പേർ അടങ്ങിയ കർഷക സംഘങ്ങൾ രൂപീകരിക്കും.

ഒരു പഞ്ചായത്തിൽ കുറഞ്ഞത് പത്ത് സംഘങ്ങളെങ്കിലും ഉണ്ടാക്കാനാണ് ആലോചന. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 1,937 വിപണന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

# ന്യൂനപക്ഷ അവകാശങ്ങൾ ഉറപ്പു വരുത്തിയാൽ മാത്രമേ ജനാധിപത്യം പൂർണമാകൂ: സ്പീക്കർ

ന്യൂനപക്ഷങ്ങളെ അപരവൽക്കരിക്കാനുള്ള ശ്രമങ്ങൾ ആശങ്ക സൃഷ്ടിക്കുന്നുവെന്നും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിലൂടെ മാത്രമെ ജനാധിപത്യം പൂർണമാകൂയെന്നും സ്പീക്കർ എം ബി രാജേഷ്.

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് സംഘടിപ്പിച്ച ന്യൂനപക്ഷ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം അയ്യങ്കാളി ഹാളിൽ നിർവഹിക്കുകയായിരുന്നു സ്പീക്കർ.

ഒരു ഭാഗത്ത് നിയമം മൂലം ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ മറ്റൊരു ഭാഗത്ത് ന്യൂനപക്ഷ അവകാശ ലംഘനങ്ങൾ മൂലം ഭീതിജനകമായ സാഹചര്യത്തിലാണ് ഇന്ത്യ കടന്നു പോകുന്നത്. അത്തരത്തിലുള്ള സാഹചര്യങ്ങളെ മറികടന്ന് കേരളത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശം സംരക്ഷിക്കാൻ ഉതകുന്ന വിധത്തിൽ സാമൂഹിക നീതി ഉറപ്പു വരുത്തുന്ന കാര്യങ്ങളുമായി മുന്നോട്ടു പോകുകയാണെന്ന് എന്ന് അദ്ദേഹം പറഞ്ഞു.

ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് നിരവധി അവകാശങ്ങൾ ഉണ്ടെങ്കിലും അവ പൂർണമായും ലഭിക്കാത്ത സാഹചര്യമാണുള്ളതെന്ന് അധ്യക്ഷത വഹിച്ച ഗതാഗത മന്ത്രി ആന്റണി രാജു പരഞ്ഞു. ന്യൂനപക്ഷങ്ങൾക്ക് അവകാശങ്ങൾ നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം.

പൗരത്വ നിയമത്തെ കേരളം ശക്തമായി എതിർത്തുവെന്ന് മന്ത്രി പറഞ്ഞു. ന്യൂനപക്ഷ കോളേജുകൾ അമിതമായി ഫീസ് ഈടാക്കി വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഇല്ലാതാക്കരുതെന്നും മറ്റുപല സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വകുപ്പ് പോലുമില്ലെന്നും മുഖ്യാതിഥിയായ ഹജ്ജ് വഖഫ് കായിക മന്ത്രി അബ്ദുറഹിമാൻ പറഞ്ഞു. അഡ്വ.ഹരീഷ് വാസുദേവൻ, സ്വാമി സന്ദീപാനന്ദ ഗിരി എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. പാളയം ഇമാം ഡോ.വി.പി.സുഹൈബ് മൗലവി, നെയ്യാറ്റിൻകര രൂപത മെത്രാൻ റൈറ്റ്.റവ.ഡോ.വിൻസന്റ് സാമുവൽ എന്നിവർ പങ്കെടുത്തു. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രഘുവരൻ സ്വാഗതവും പ്രോജക്ട് ഓഫീസർ മുഹമ്മദ് ഇസ്മായിൽ കുഞ്ഞ് നന്ദിയും പറഞ്ഞു. എല്ലാ ജില്ലകളിലും ന്യൂനപക്ഷ അവകാശ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു.

# ആശിഷ് മിശ്രയ്ക്കെതിരെ ആയുധം ഉപയോഗിച്ചുള്ള വധശ്രമത്തിനും കേസ്

ന്യൂഡൽഹി: കേന്ദ്ര കാർഷിക കരിനിയമത്തിനെതിരെ പ്രതിഷേധിച്ച കർഷകർക്കിടയിലേക്ക് വാഹനം ഓടിച്ചു കയറ്റിയ കേസിൽ കേന്ദ്രമന്ത്രി അജയ് മിശ്രയുടെ മകൻ ആശിഷ് മിശ്രയ്ക്കെതിരെ ആയുധം ഉപയോഗിച്ചുള്ള വധശ്രമത്തിനു കൂടി കേസ് രജിസ്റ്റർ ചെയ്തു. ഒക്ടോബർ മൂന്നിന് ലഖിംപുരിൽ നടന്ന ആക്രമണം മനപൂർവവും കരുതിക്കൂട്ടി ഉള്ളതുമാണെന്നും കേസിൽ പിടിയിലായ പ്രതികൾക്കെതിരെ കൊലക്കുറ്റം അടക്കമുള്ള വകുപ്പുകൾ കൂടി ചേർക്കണമെന്നും പ്രത്യേക അന്വേഷണ സംഘം കോടതിയെ അറിയിക്കുകയായിരുന്നു.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് മുൻപിൽ കേസ് അന്വേഷണത്തിന് നേതൃത്വം നൽകുന്ന വിദ്യാറാം ദിവാകറാണ് ഇതുസംബന്ധിച്ച അപേക്ഷ സമർപ്പിച്ചത്.

പ്രത്യേക അന്വേഷണ സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് കോടതി നിർദേശ പ്രകാരമാണ് പ്രതികൾക്ക് എതിരേ ആയുധം ഉപയോഗിച്ചുള്ള വധശ്രമത്തിന് കൂടി കേസെടുത്തിരിക്കുന്നത്.

ഇന്ത്യൻ ശിക്ഷാനിയമത്തിലെ സെക്ഷൻ 279ന് പകരം 307 (കൊലപാതകശ്രമം), അപകടകരമായ ആയുധങ്ങളോ മാർഗങ്ങളോ ഉപയോഗിച്ച് ഗുരുതരമായ പരിക്കേൽപ്പിക്കൽ, അശ്രദ്ധമായി വാഹനമോടിക്കൽ തുടങ്ങിയ വകുപ്പുകൾ കൂടി ചേർക്കണമെന്ന അന്വേഷണസംഘത്തിന്റെ അപേക്ഷയെ തുടർന്നാണ് പുതിയ നടപടി. സംഭവം ആസൂത്രതമായിരുന്നുവെന്ന തരത്തിലുള്ള അന്വേഷണ റിപ്പോർട്ട് പുറത്ത് വന്നതിന് പിന്നാലെ കേന്ദ്രമന്ത്രി അജയ് മിശ്ര ജയിലിലെത്തി മകൻ ആശിഷ് മിശ്രയെ കണ്ടത് വൻ വിവാദത്തിലേക്ക് വഴിതെളിച്ചിരുന്നു.

സംഭവവുമായി ബന്ധപ്പെട്ട് ആശിഷ് മിശ്ര, ലുവ്കുഷ്, ആശിഷ് പാണ്ഡെ, ശേഖർ ഭാരതി, അങ്കിത് ദാസ്, ലത്തീഫ്, ശിശുപാൽ, നന്ദൻ സിംഗ്, സത്യം ത്രിപാഠി, സുമിത് ജയ്സ്വാൾ, ധർമേന്ദ്ര ബഞ്ചാര, റിങ്കു റാണ, ഉല്ലാസ് ത്രിവേദി എന്നിവരെയാണ് എസ്ഐടി ഇതുവരെ അറസ്റ്റ് ചെയ്തത്. ഇവരെ ലഖിംപൂർ ഖേരി ജില്ല ജയിലിലാണ് പാർപ്പിച്ചിരിക്കുന്നത്.

## അധ്യാപക ഒഴിവ്

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ഗണിതശാസ്ത്രം താത്കാലിക അദ്ധ്യാപക ഒഴിവിലേക്ക് നിയമനം നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തര ബിരുദം, നെറ്റ്/ പി.എച്ച്.ഡി/ എം.ഫിൽ തുടങ്ങിയവയാണ് വിദ്യാഭ്യാസ യോഗ്യത. അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 22ന് രാവിലെ 10.30 ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം.



# സപ്ലൈകോയുടെ വാർഷിക വരുമാനം 7,000 കോടി രൂപയിലെത്തിക്കും: മന്ത്രി ജി.ആർ അനിൽ

കാലഘട്ടത്തിന് അനുസൃതമായി സപ്ലൈകോയെ മാറ്റുമെന്നും വാർഷിക വരുമാനം 6,500 കോടി രൂപയിൽ നിന്ന് 7,000 കോടി രൂപയിലെത്തിക്കുമെന്നും ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ അനിൽ. ക്രിസ്തുമസ് പുതുവത്സര മെട്രോ ഫെയർ 2021ന്റെ സംസ്ഥാനതല ഉദ്ഘാടനം പുത്തരിക്കണ്ടം മൈതാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

വാർഷിക വരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി സാരമായ മാറ്റങ്ങൾ സപ്ലൈകോയിൽ വരും. സംസ്ഥാനത്താകെയുള്ള 1,625 വിൽപനശാലകളിലൂടെ പൊതുവിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കാനും ഗുണമേൻമയുള്ള ഉത്പന്നങ്ങൾ ഉത്സവകാലത്ത് എല്ലാ വിഭാഗം ജനങ്ങളിലെത്തിക്കാനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

വില വർദ്ധനവ് കണക്കിലെടുത്ത് 13 ഉത്പന്നങ്ങൾ റേഷൻ കാർഡ് ഉപയോഗിച്ച് 2016 ലെ വിലയ്ക്ക് പൊതുജനങ്ങൾക്ക് മെട്രോ ഫെയറിൽ വാങ്ങാൻ കഴിയും. 39 ഉത്പന്നങ്ങളുടെ വില വിപണി വിലയെക്കാൾ കുറവാണ്. ഉത്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ വലിയ പരിശ്രമം നടത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ടെൻഡർ വിളിക്കുന്ന സാമ്പിളുകളുടെ ഒരു ഭാഗം മന്ത്രിയുടെ ഓഫീസിൽ എത്തിച്ച് പരിശോധിക്കുന്നുണ്ട്. വിതരണ സമയത്ത് നിലവാരം കുറഞ്ഞാൽ നടപടിയെടുക്കും.

തൃശ്ശൂരിൽ തുടങ്ങിയ ഓൺലൈൻ വില്പന മാർച്ച് മാസമാകുന്നതോടെ എല്ലാ നഗരങ്ങളിലും നടപ്പാക്കും. വിപണി ഇടപെടലിന് പ്രതിവർഷം ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുക ചിലവഴിക്കുന്ന സംസ്ഥാനമാണ് കേരളം.

ഇടെണ്ടർ, ഇലേലം എന്നീ സംവിധാനങ്ങൾ ഉപയോഗിച്ച് നാഫെഡ് മുഖേന ഉത്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് അവശ്യ സാധനങ്ങൾ സംഭരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ വിലക്കയറ്റത്തെ തടഞ്ഞ് നിർത്താൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. ക്രിസ്തുമസിനോടനുബന്ധിച്ച് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും അര ലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെർമിറ്റുള്ള മത്സ്യ ത്തൊഴിലാളികൾക്ക് ഈ മാസത്തെ മണ്ണെണ്ണ വിഹിതം പൂർണ്ണമായു വിതരണം ചെയ്യുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. പൊതു വിപണിയേക്കാൾ 40 ശതമാനം വരെ വിലക്കുറവിലാണ് ഭക്ഷ്യധാന്യങ്ങളും ശബരി ഉത്പന്നങ്ങളും സപ്ലൈകോ വഴി വിൽപ്പന നടത്തുന്നത്. സപ്ലൈകോ ഔട്ട്ലെറ്റിലൂടെ വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണ നിലാവാരം ഉറപ്പുവരുത്തുന്നതിനായി പരിശോധന കർശനമാക്കും.

ഫെയറുകളിൽ ഹോർട്ടി കോർപ്പിലൂടെ വിൽപ്പന നടത്തുന്ന പച്ചക്കറികൾക്ക് വിപണി വിലയേക്കാൾ വലിയ വില വ്യത്യാസം ഉണ്ട്. ഒരു കിലോ തക്കാളി 50 രൂപയ്ക്കാണ് ഫെയറിലൂടെ വിൽപ്പന നടത്തുന്നത്. മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ കുടുംബശ്രീ, മിൽമ എന്നിവിടങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളും ലഭ്യമാണ്.

ജനുവരി 5 വരെ സംസ്ഥാനത്തെ വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ സപ്ലൈകോ ക്രിസ്തുമസ് ന്യൂ ഇയർ ഫെയറുകൾ സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.

വിപണിയിൽ വിലക്കയറ്റം തടയുന്നതിനും ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും സപ്ലൈകോ മുഖ്യപങ്കാണ് വഹിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷനായ ഗതാഗതമന്ത്രി ആന്റണി രാജു പറഞ്ഞു.

മെട്രോ ഫയറിൽ ഒറ്റത്തവണ ഏറ്റവുമധികം വിലയ്ക്ക് സാധനങ്ങൾ വാങ്ങുന്ന ഒരു പുരുഷനും ഒരു സ്ത്രീക്കും 5,000 രൂപയുടെ ക്യാഷ് പ്രൈസ് നൽകും.

തിരുവനന്തപുരം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ പി.കെ.രാജു, സപ്ലൈകോ മാനേജിങ് ഡയറക്ടർ ഡോ. സഞ്ജീവ് കുമാർ പട്ജോഷി എന്നിവർ പങ്കെടുത്തു.

## ഇക്കണോമി മിഷൻ തൊഴിൽ മേള ആദ്യഘട്ടത്തിൽ 10,000 പേർക്ക് തൊഴിൽ സാധ്യതയെന്ന് മന്ത്രി ആന്റണി രാജു

സംസ്ഥാന സർക്കാരിന്റെ കേരള നോളജ് ഇക്കണോമി മിഷൻ തിരുവനന്തപുരം ജില്ലാതല തൊഴിൽമേള ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. കേരള നോളജ് ഇക്കണോമി മിഷൻ തൊഴിൽമേള ആദ്യഘട്ടം പൂർത്തിയാകുമ്പോൾ 10,000 പേർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതയാണ് തുറക്കപ്പെടുന്നതെന്നും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾക്ക് രൂപവും ഭാവവും നൽകാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

നൈപുണ്യവും വൈദഗ്ദ്ധ്യവുമുള്ള തൊളിലാളികളേയും അവരുടെ സേവനം ആവശ്യമുള്ള തൊഴിൽദാതാക്കളേയും ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്നതാണ് മേളയിലൂടെ സർക്കാർ ലക്ഷ്യമാക്കുന്നത്.

വൈദഗ്ധ്യമുള്ള ജീവനക്കാരുടെ അഭാവമാണ് വ്യാവസായിക മേഖല നേരിടുന്ന പ്രശ്നം. കൃഷി, ആരോഗ്യം, വിജ്ഞാനം, വിനോദ സഞ്ചാരം തുടങ്ങി വിവിധ മേഖലകളിലുൾപ്പെടെ നിരവധി തൊഴിൽ സാധ്യതകളാണ് ഇനി തുറക്കപ്പെടുന്നത്. കേരളത്തിന് അകത്തും പുറത്തും നിന്നുമായി 104 തൊഴിൽ ദാദാക്കളും ഏകദേശം 900 ഉദ്യോഗാർഥികളും തൊഴിൽ മേളയിൽ പങ്കെടുത്തു. ജോലി ലഭിച്ചവരുടെ വിവരങ്ങൾ വരുംദിവസങ്ങളിൽ പ്രസിദ്ധീകരിക്കും. പൂജപ്പുര എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ സംഘടിപ്പിച്ച പരിപാടിയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. കേരള നോളജ് ഇക്കണോമി മിഷൻ വൈസ് ചെയർപേഴ്സൺ ഡോ.കെ.എം അബ്രഹാം, കെഡിസ്ക് മെമ്പർ സെക്രട്ടറി ഡോ.പി.വി ഉണ്ണിക്കൃഷ്ണൻ, കെഡിസ്ക് മാനേജ്മെന്റ് സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. പി സജിത, ജില്ലാ വികസന കമ്മീഷണർ ഡോ. വിനയ് ഗോയൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ജി.രാജീവ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എൽ.ജെ റോസ് മേരി, എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ അബ്ദുൾ റഹ്മാൻ തുടങ്ങിയവർ പങ്കെടുത്തു.

## സ്വയംതൊഴിൽ വായ്പ

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സ്ഥിരതാമസക്കാരായ പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകൾക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്വയംതൊഴിൽ വായ്പ നൽകുന്നു. 18 നും 55 നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വസ്തു/ ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിൽ 6 ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത്. ०००.സംറെ ര.ᴵൃഴ വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോം ലഭിക്കും. പൂരിപ്പിച്ച അപേക്ഷാഫോം ആവശ്യമായ രേഖകളോടെ തിരുവനന്തപുരം മേഖല ഓഫീസിൽ നേരിട്ടോ മേഖലാ മാനേജർ, ഗ്രൗണ്ട് ഫ്ലോർ, ട്രാൻസ്പോർട്ട് ഭവൻ, ഈസ്റ്റ് ഫോർട്ട് അട്ടകുളങ്ങര പി.ഒ തിരുവനന്തപുരം 695023 മേൽവിലാസത്തിലും അയക്കാം. കൂടുതൽ വിവരങ്ങൾക്ക് 0471 2328257,9496015006.

# സംസ്ഥാനത്ത് ഇന്ന് 2,230 പേർക്ക് കോവിഡ്; മരണം 44,922 ആയി

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 2,230 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 439, എറണാകുളം 397, കോഴിക്കോട് 259, കോട്ടയം 177, കൊല്ലം 171, കണ്ണൂർ 161, തൃശൂർ 120, പത്തനംതിട്ട 116, ആലപ്പുഴ 86, മലപ്പുറം 80, പാലക്കാട് 73, ഇടുക്കി 61, വയനാട് 46, കാസർഗോഡ് 44 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 39,826 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,39,438 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ



1,35,200 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 4,238 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 193 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 28,724 കോവിഡ് കേസുകളിൽ, 8.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 14 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതു കൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗ നിർദേശമനുസരിച്ച് അപ്പീൽ നൽകിയ 405 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 44,922 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ ഏഴ് പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 2081 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 130 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 12 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3,722 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 681, കൊല്ലം 346, പത്തനംതിട്ട 145, ആലപ്പുഴ 57, കോട്ടയം 422, ഇടുക്കി 147, എറണാകുളം 527, തൃശൂർ 349, പാലക്കാട് 29, മലപ്പുറം 108, കോഴിക്കോട് 531, വയനാട് 87, കണ്ണൂർ 202, കാസർഗോഡ് 91 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 28,724 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,45,501 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## ഇശ്രം രജിസ്ട്രേഷൻ പ്രത്യേക കൗണ്ടർ 20 മുതൽ

കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഇശ്രം രജിസ്ട്രേഷൻ നടത്തുന്നതിനായി 20 മുതൽ 31 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിൽ പ്രത്യേക കൗണ്ടർ പ്രവർത്തിക്കും. ഇശ്രം രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത നിർമ്മാണ തൊഴിലാളികൾക്ക് ആധാർ കാർഡ്, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ഫോൺ എന്നിവയുമായെത്തി രജിസ്ട്രേഷൻ നടത്താം.

## സംസ്ഥാനത്തെ ഏറ്റവും മികച്ച മലയാളം ബ്രയിൽ വായനക്കാരെ തിരഞ്ഞെടുത്തു

കാഴ്ചപരിമിതരുടെ വിരൽത്തുമ്പുകളിൽ വിജ്ഞാനത്തിന്റെ വെളിച്ചം പകർന്ന ലൂയി ബ്രയിലിന്റെ 214ാമത് ജ ദിനവും അന്താരാഷ്ട്ര ബ്രയിൽ ദിനവും ആഘോഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ യു.പി തലത്തിലും ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിലും ഏറ്റവും മികച്ച മലയാളം ബ്രയിൽ വായനക്കാരനെ കണ്ടെത്തുന്നതിന് നടത്തിയ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. വഴുതക്കാട് സർക്കാർ അന്ധവിദ്യാലയത്തിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനി അശ്വനി. എൻ. കിനി യു.പി വിഭാഗത്തിലും അക്ഷയ് കൃഷ്ണ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗത്തിലും തിരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് 10,000 രൂപ വീതം ക്യാഷ് അവാർഡുകൾ ലൂയി ബ്രയിൽ ദിനം ആഘോഷിക്കുന്ന ജനുവരി നാലിന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശിവൻകുട്ടി വിതരണം ചെയ്യും.

## കുട്ടികൾക്ക് കോവിഡ് വാക്സിൻ ഉടനെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: രാജ്യത്ത് കുട്ടികൾക്കുള്ള കോവിഡ് വാക്സിൻ ഉടനെന്ന് കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാൻഡവ്യ. രാജ്യത്ത് 88 ശതമാനം പേർ ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചു. 137 കോടി വാക്സിൻ ഇതുവരെ നൽകിയെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

രാജ്യത്ത് മൂന്നാം തരംഗം മുന്നിൽ കണ്ട് എല്ലാ സജ്ജീകരണങ്ങളും ഒരുക്കുകയാണെന്നും മന്ത്രി അറിയിച്ചു. രാജ്യസഭയിലാണ് കേന്ദ്ര ആരോഗ്യമന്ത്രി ഇക്കാര്യങ്ങൾ അറിയിച്ചത്.

ഇന്ത്യയിൽ ആകെ 161 പേർക്ക് ഇതുവരെ ഒമിക്രോൺ വകഭേദം സ്ഥിരീകരിച്ചു. ഒമിക്രോൺ ഗുരുതരാവസ്ഥ ഇതുവരെ ആരിലും റിപ്പോർട്ട് ചെയ്തിട്ടില്ല. രണ്ട് പുതിയ വാക്സിനുകളുടെ അനുമതി പരിഗണനയിലാണെന്നും അദ്ദേഹം അറിയിച്ചു.

ഒമിക്രോൺ സ്ഥിരീകരിച്ച 44 പേർക്ക് രോഗം ഭേദമായി. ആർക്കും ഗുരുതരാവസ്ഥയില്ലെന്നും ഒമിക്രോൺ ഭാവിയിൽ ഉണ്ടാക്കുന്ന ഭീഷണികൾ നിരീക്ഷിച്ച് വരികയാണെന്നും മാൻഡവ്യ കൂട്ടിച്ചേർത്തു.

## സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിംഗ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലെ കമ്മിഷന്റെ കോർട്ട് ഹാളിൽ 22ന് രാവിലെ 11ന് സിറ്റിംഗ് നടത്തും. കാസർഗോഡ് ജില്ലയിലെ തുളു ഭാഷ സംസാരിക്കുന്ന തുളു ബില്ലവർ വിഭാഗത്തിന് തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ സംവരണം ആവശ്യപ്പെട്ടുള്ള അപേക്ഷ, പാലക്കാടിന്റെ കിഴക്കൻ മേഖലയിൽ താമസിക്കുന്ന തമിഴ് ക്രിസ്ത്യാനികൾ സമർപ്പിച്ച ഹർജി, വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കമ്മാള തച്ചൻ മഹാസഭ സമർപ്പിച്ച ഹർജി, ഒ.ബി.സി പട്ടികയിൽ പേര് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി ഗണിഗയാനെ സാഫല്യ സുധാകര സംഘ സമർപ്പിച്ച ഹർജി എന്നിവ പരിഗണിക്കും. സിറ്റിംഗിൽ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ്. ജി. ശശിധരൻ, അംഗങ്ങളായ ഡോ. എ.വി ജോർജ് സുബൈദാ ഇസ്ഹാക്ക്, കമ്മിഷൻ മെമ്പർസെക്രട്ടറി എന്നിവർ പങ്കെടുക്കും.

## സ്കോളർഷിപ്പ്: 31 വരെ അപേക്ഷിക്കാം

കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതികളായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസ്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് കോളേജ് ആൻഡ് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് എന്നിവയ്ക്കായി വിദ്യാർത്ഥികൾക്ക് 31 വരെ ഫ്രഷ് / റിന്യൂവൽ രജിസ്ട്രേഷൻ ചെയ്തു ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാം.

കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലസ്വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട രണ്ടു ലക്ഷത്തിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിനും രണ്ടര ലക്ഷത്തിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള എല്ലാ വിഭാഗത്തിലും ഉള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ ഡിസബിലിറ്റീസിനായും അപേക്ഷിക്കാം. പ്ലസ് ടു തലത്തിൽ 80 ശതമാനത്തിൽ കുറയാതെ ഉയർന്ന മാർക്ക് നേടിയ എട്ടു ലക്ഷം രൂപയിൽ കവിയാതെ കുടുംബ വാർഷിക വരുമാനമുള്ള എല്ലാ വിഭാഗത്തിലെയും വിദ്യാർഥികൾക്ക് സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കാം.

www.sc-ho-l-ar-sh-ip-s.gov.in മുഖേന അപേക്ഷകൾ സമർപ്പിക്കാം. മാനുവൽ/ഓഫ്ലൈൻ അപേക്ഷകൾ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: **www.d-c-e-sc-ho-l-ar-sh-ip.k-er-a-l-a.gov.in**, ഇമെയിൽ: ു0-stm-tar-i-c-sc-ho-l-ar-sh-ip@gm-a-i-l.com, ഫോൺ :0471 2306580, 9446096580, 9446780308.

## നൈപുണ്യ വികസന പരിശീലന പരിപാടി: താല്പര്യപത്രം ക്ഷണിച്ചു

പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന തൊഴിൽ നൈപുണ്യ വികസന പരിശീലനം പരിപാടിയിലേക്ക് നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. പ്രൊപ്പോസലുകൾ 24ന് വൈകിട്ട് അഞ്ചിനകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്: ०००.റെറ.സല്യമഹമ.ഴീ.ശി, 04712303229, 18004252312, 6282539374.

## 144 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവണ്മെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 144 കോടിയിലധികം (1,44,00,62,975) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്.

17.21 കോടിയിൽ അധികം (17,21,19,646) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

## കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ചവരിൽ 1,937 വാക്സിനെടുത്തവർ

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ച 2,230 പുതിയ രോഗികളിൽ 1,937 പേർ വാക്സിനേഷന് അർഹരായിരുന്നുവെന്ന് ആരോഗ്യവകുപ്പ്. ഇവരിൽ 145 പേർ ഒരു ഡോസ് വാക്സിനും 1,146 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 646 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കോവിഡ് വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രിവാസത്തിൻറെയും മരണത്തിൻറെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 97.3 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,59,96,886), 74.5 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,99,15,941) നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (12,86,093).

ഡിസംബർ 13 മുതൽ 19 വരെയുള്ള കാലയളവിൽ, ശരാശരി 33,724 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 1.9 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.6 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്.

ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 5,700 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 20 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 15, 12, 23, 10, 4, 20 ശതമാനമായി കുറഞ്ഞു.

## മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി 2.0 ഉദ്ഘാടനം 22ന്

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി 2.0 22ന് വൈകിട്ട് 3ന് മാസ്കറ്റ് ഹോട്ടലിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ആദ്യ 50 സംരംഭകർക്ക് വായ്പാനുമതിപത്രം വിതരണം ചെയ്യും. വി.കെ പ്രശാന്ത് എം.എൽ.എ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ കെ.എഫ്.സി സഞ്ജയ് കൗൾ, അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) രാജേഷ് കുമാർ സിംഗ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ എന്നിവർ പങ്കെടുക്കും.

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2021 DECEMBER 21 TUESDAY


# കെഎസ്ആർടിസി ബസ് ഇനി കഫേ; നിറയെ രുചിയൂറും വിഭവങ്ങൾ




കൊല്ലം : കൊല്ലം പട്ടണത്തിൽ എത്തുന്നവർക്കായി അഷ്ടമുടിയുടെ രുചിക്കൂട്ടും പുതുതലമുറയുടെ പ്രിയവിഭവങ്ങളും നിറച്ച പിങ്ക് കഫേ തയ്യാർ. പഴയ കെഎസ്ആർടിസി ബസിൽ ഒരുക്കിയ പിങ്ക് കഫേ ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്തു. ആവിയിൽ പുഴുങ്ങിയെടുത്ത നാടൻ വിഭവങ്ങളാണ് ഏറെയും. താലൂക്ക് കച്ചേരി ജങ്ഷനിൽ കെഎസ്ആർടിസി ഡിപ്പോ ഗ്യാരേജിലാണ് ജില്ലാ കുടുംബശ്രീ മിഷൻ കഫേ ഒരുക്കിയിട്ടുള്ളത്. കരിമീൻ മുതൽ കല്ലരിപ്പൻവരെ നീളുന്ന വിഭവ സമൃദ്ധിയാണ് കഫേയുടെ മുഖ്യ ആകർഷണം. ആവിയിൽ പുഴുങ്ങിയ പലഹാരങ്ങൾക്കൊപ്പം ന്യൂജെൻ വൈവിധ്യവും ഒരുക്കിയിട്ടുണ്ട്.

ടീ സ്നാക്സിനു പുറമെ മീൻ, ഇറച്ചി വിഭവങ്ങളും അഷ്ടമുടിക്കായലിലെ വിവിധ മത്സ്യവിഭവങ്ങളുമാണ് പ്രധാനം. കഫേയിൽ അരമണിക്കൂർ ചെലവഴിച്ച മന്ത്രി ചായയും ആവിയിൽ ഇലയപ്പവും കഴിച്ചു. കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിലും നാട്ടുകാർക്ക് മിതമായ വിലയ്ക്ക് നല്ല ആഹാരവും വാടകയിനത്തിൽ കെഎസ്ആർടിസിക്ക് വരുമാനവുമാണ് പുതുസംരംഭത്തിന്റെ പ്രത്യേകതയെന്ന് ഉദ്ഘാടനം നിർവഹിച്ച് മന്ത്രി പറഞ്ഞു.

നീരാവിൽ കുടുംബശ്രീ സംരംഭ ഗ്രൂപ്പായ കായൽക്കൂട്ടാണ് പിങ്ക് കഫേ നടത്തിപ്പുകാർ. സംസ്ഥാന തലത്തിൽ കുടുംബശ്രീ മിഷൻ കെഎസ്ആർടിസിയുമായി ചേർന്ന് വിഭാവനം ചെയ്ത ഫുഡ് ഓൺ വീൽസ് പദ്ധതിയുടെ ഭാഗമാണ് ജില്ലയുടെ തനത് ഭക്ഷണവിഭങ്ങൾ ഒരുക്കുന്ന പിങ്ക് കഫേയും.

ഉപയോഗശൂന്യമായ കെഎസ്ആർടിസി ബസ് ഒരു ലക്ഷം രൂപ ഡിപ്പോസിറ്റ് നൽകി മാസവാടകയ്ക്ക് കുടുംബശ്രീ ഏറ്റെടുക്കുകയായിരുന്നു. തുടർന്ന് രൂപമാറ്റം വരുത്തി ഒരേസമയം 20 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ക്രമീകരണമുണ്ടാക്കി. കലർപ്പും മായവും ഇല്ലാത്ത ഭക്ഷണം കെഎസ്ആർടിസി ജീവനക്കാർക്കും യാത്രക്കാർക്കും നൽകുകയാണ് ലക്ഷ്യമെന്ന് ജില്ലാ കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ വി ആർ അജു പറഞ്ഞു. രാവിലെ എട്ടുമുതൽ രാത്രി 12വരെയാണ് പ്രവർത്തന സമയമെന്നും പിന്നീട് 24 മണിക്കൂറും പ്രവർത്തിപ്പിക്കുമെന്നും ജില്ലാ പ്രോഗ്രാം മാനേജർ എസ് നീരജ് പറഞ്ഞു. കോർപറേഷൻ സ്ഥിരംസമിതി ചെയർമാൻ എസ് ജയൻ അധ്യക്ഷനായി. കുടുംബശ്രീ കോ ഓർഡിനേറ്റർ വി ആർ അജു, ഡിടിഒ ആർ മനീഷ്, കൗൺസിലർ സിന്ധുറാണി, സിഡിഎസ് ചെയർപേഴ്സൺ ബീമ, ബി ഉന്മേഷ്, എസ് നീരജ്, വിഷ്ണുപ്രസാദ്, ആതിരാക്കുറുപ്പ്, സീമ സുരേഷ് എന്നിവർ സംസാരിച്ചു.

ന്യൂഡൽഹി: ആധാർ നമ്പറും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും തമ്മിൽ ബന്ധിപ്പിക്കാൻ അനുമതി നൽകുന്ന നിയമ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. ശബ്ദവോട്ടുകളോടെയാണ് 'ദ ഇലക്ഷൻ ലോസ് (അമെൻഡ്മെന്റ്) ബിൽ 2021' സഭയിൽ പാസായത്. അതേസമയം, ആധാർ നമ്പറുമായി തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് ബന്ധിപ്പിക്കുന്നതിനെതിരെ കോൺഗ്രസ്, എ.ഐ.എം.ഐ.എം., ബി.എസ്.പി. തുടങ്ങിയ പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തി.

സർക്കാർ നീക്കം പൗരന്മാരുടെ ഭരണഘടനാ അവകാശങ്ങളെ ലംഘിക്കുന്നതാണെന്ന് പ്രതിപക്ഷം ആരോപിച്ചു. ആധാറും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുമായി ബന്ധിപ്പിക്കുന്നതിലൂടെ പൗരന്മാരുടെ സ്വകാര്യതയ്ക്കുള്ള അവകാശം ലംഘിക്കപ്പെടുമെന്നും പ്രതിപക്ഷം ആരോപിച്ചു. ബിൽ പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു. നിയമമന്ത്രി കിരൺ റിജിജുവാണ് ബിൽ അവതരിപ്പിച്ചത്. പ്രതിപക്ഷത്തിന്റെ ബഹളവും പ്രതിഷേധവും മറികടന്നാണ് ബിൽ പാസായത്.

കള്ളവോട്ടു തടയുക എന്നതാണ് ഭേദഗതി ബില്ലിലൂടെ ലക്ഷ്യംവെക്കുന്നത്. ആധാറും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും ബന്ധിപ്പിക്കുന്നതോടെ ഇരട്ടവോട്ട് ഇല്ലാതാകും. ഒരാൾക്ക് ഒരിടത്തുമാത്രമേ വോട്ട് രേഖപ്പെടുത്താൻ കഴിയൂ. തിരഞ്ഞെടുപ്പ് കമ്മിഷൻ നടത്തിയ പൈലറ്റ് പ്രോജക്ട് വിജയമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഭേദഗതി നിർദേശം സർക്കാരിന് മുന്നിൽ സമർപ്പിക്കപ്പെട്ടത്.

വോട്ടർ കാർഡിൽ പേര് ചേർക്കുന്നതിനൊപ്പം ആധാർ നമ്പർകൂടി രേഖപ്പെടുത്തണമെന്ന് ഭേദഗതി ബിൽ നിർദേശിക്കുന്നുണ്ട്. വോട്ടർപ്പട്ടികയിൽ നിലവിൽ പേരുചേർത്തവരോടും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥർക്ക് ആധാർ നമ്പർ ചോദിക്കാം. എന്നാൽ, ആധാർ കാർഡോ നമ്പറോ ഹാജരാക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ ഒരാളുടെ പേര് വോട്ടർപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കരുതെന്നും അത്തരം അപേക്ഷകൾ സ്വീകരിക്കാതിരിക്കരുതെന്നും ബിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ളവരെ മറ്റ് തിരിച്ചറിയൽരേഖകൾ ഹാജരാക്കാൻ അനുവദിക്കണമെന്നും നിർദേശിക്കുന്നു.

ഒരു വ്യക്തിയുടെ പേര് വിവിധ സ്ഥലത്തെ വോട്ടർപ്പട്ടികയിൽ ഉൾപ്പെടുന്ന പ്രശ്നം (ഇരട്ടവോട്ട്) ഒഴിവാക്കുന്നതിനാണ് വോട്ടർപ്പട്ടിക ആധാറുമായി ബന്ധിപ്പിക്കുന്നതെന്ന് ബില്ലിന്റെ ലക്ഷ്യം സംബന്ധിച്ച പ്രസ്താവനയിൽ പറയുന്നുണ്ട്. വോട്ടർപ്പട്ടികയിൽ പേരുചേർക്കുന്നതിന് വർഷത്തിൽ നാലു പ്രാവശ്യം അവസരംനൽകുന്ന രീതിയിൽ സമയക്രമം നിശ്ചയിക്കണമെന്ന് ബില്ലിൽ പറയുന്നു. ജനുവരി 1, ഏപ്രിൽ 1, ജൂലായ് 1, ഒക്ടോബർ 1 എന്നിങ്ങനെ നാല് അവസരങ്ങളിൽ വോട്ടർപ്പട്ടിക പുതുക്കുകയും പേര് ചേർക്കുകയും ചെയ്യാം. സൈനികർക്കും ജീവിതപങ്കാളികൾക്കും നാട്ടിലെ വോട്ടർപ്പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യാൻ അവസരം നൽകും.

## അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ പത്താം വാർഷികം: പൊതുസമ്മേളനം ഇന്ന

കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ (കെ.എ.ടി) പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള പൊതുസമ്മേളനം ഇന്ന് (ഡിസംബർ 21) വൈകിട്ട് 4.30ന് വ്യവസായ, നിയമ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടക്കുന്ന പരിപാടിയിൽ കെ.എ.ടി. ചെയർമാൻ ജസ്റ്റിസ് സി.കെ. അബ്ദുൾ റഹിം അധ്യക്ഷത വഹിക്കും. കേരള ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് മുഖ്യാതിഥിയാകും. അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ്, അഭിഭാഷക അസോസിയേഷൻ പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുക്കും. ട്രൈബ്യൂണലിന്റെ മുൻ ചെയർമാൻമാരെ ചടങ്ങിൽ ആദരിക്കും.

## കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന് പുതിയ ഭാരവാഹികളെ കണ്ടെത്തുന്നു

തിരുവനന്തപുരം: കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന് പുതിയ ഭരണസാരഥികളെ കണ്ടെത്തുന്നതിനായി 2022 ജനുവരി ഏഴു മുതൽ 25 വരെ സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് നടത്തും. സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടതലം എന്നിങ്ങനെ മൂന്നു തലങ്ങളിലേക്കാണ് തെരഞ്ഞെടുപ്പ്. ഇതുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായി.

നിലവിലെ ഭാരവാഹികളുടെ കാലാവധി ഈ വർഷം ജനുവരി 26ന് അവസാനിച്ചിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതു വരെ നിലവിലെ സമിതിയുടെ കാലാവധി സർക്കാർ നീട്ടി നൽകിയിരുന്നു. കൂടാതെ 2022 ജനുവരി 26ന് പുതിയ ഭരണസമിതി ചുമതലയേൽക്കുന്ന രീതിയിൽ സംഘടനാ തെരഞ്ഞെടുപ്പ് നടത്താനും സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇതു പ്രകാരമാണ് സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള 2,94,436 അയൽക്കൂട്ടങ്ങൾ, 19,489 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ (എ.ഡി.എസ്), 1065 കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നിവിടങ്ങളിലേക്ക് ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്തുന്നത്. അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ത്രിതല സംഘടനാ സംവിധാനത്തിലെ 729 അയൽക്കൂട്ടങ്ങൾ, 133 ഊരുസമിതികൾ, നാല് പഞ്ചായത്ത് സമിതികൾ എന്നിവയുടെ ഭാരവാഹികളെ കണ്ടെത്താനുള്ള തെരഞ്ഞെടുപ്പും ഇതേ ദിവസങ്ങളിൽ നടക്കും.

അയൽക്കൂട്ടങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 2022 ജനുവരി ഏഴു മുതൽ 13 വരെയും എ.ഡി.എസുകളിലേക്ക് ജനുവരി 16 മുതൽ 21 വരെയും നടത്തും. സി.ഡി.എസ് തെരഞ്ഞെടുപ്പ് 2022 ജനുവരി 25നാണ്. ഇതുപ്രകാരം ഓരോ അയൽക്കൂട്ടത്തിനും അഞ്ചംഗ ഭാരവാഹികൾ വീതം സംസ്ഥാനമൊട്ടാകെ 14,72,180 പേരെയും ഓരോ എ.ഡി.എസിനും 11 അംഗ ഭാരവാഹികൾ വീതം 2,14,379 പേരെയും ഓരോ സി.ഡി.എസിനും ഒന്നു വീതം 1065 സി.ഡി.എസ് ചെയർപേഴ്സൺമാരെയും തിരഞ്ഞെടുക്കും. പുതിയ ഭരണാധികാരികൾ ജനുവരി 26ന് ചുമതലയേൽക്കും.

അതത് ജില്ലകളിലെ ജില്ലാ കളക്ടർമാർക്കാണ് തിരഞ്ഞെടുപ്പിന്റെ മുഖ്യ ചുമതല. എല്ലാ സി.ഡി.എസുകളിലും ഒരു വരണാധികാരിയും അസിസ്റ്റന്റ് വരണാധികാരിയും തിരഞ്ഞെടുപ്പിന്റെ മേൽനോട്ടം വഹിക്കും. ഇതിനായി 14 ജില്ലകളിലും വരണാധികാരികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ളോക്ക് കോ-ഓർഡിനേറ്റർമാർ, സിറ്റി മിഷൻ മാനേജർമാർ, പതിനാല് സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാർ, അഞ്ഞൂറിലേറെ റിസോഴ്സ് ജില്ലാതല റിസോഴ്സ് പേഴ്സൺമാർ, സി.ഡി.എസ് ഭരണാധികാരികൾ, സി.ഡി.എസ് മെമ്പർ സെക്രട്ടറിമാർ, ഉപഭരണാധികാരികൾ എന്നിവർക്കുള്ള പരിശീലനവും പൂർത്തിയായി.



ജില്ലയിലെ ആദ്യ വാർഡ് ഫെസിലിറ്റേഷൻ സെന്റർ കുളക്കട ഗ്രാമ പഞ്ചായത്തിലെ വെണ്ടാർ വാർഡിൽ ധനമന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

## യൂട്യൂബ് നോക്കി പ്രസവം; കുഞ്ഞ മരിച്ചു, യുവതി ഗുരുതരാവസ്ഥയിൽ

ചെന്നൈ: തമിഴ്നാട്ടിൽ യൂട്യൂബ് നോക്കി പ്രസവിച്ച യുവതിയുടെ കുഞ്ഞ് മരിച്ചു. യുവതിയെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തമിഴ്നാട്ടിലെ ആർക്കോണത്തിനടുത്തെ നെടുമ്പുളി ഗ്രാമത്തിലാണ് സംഭവം.

28കാരിയായ ഗോമതി എന്ന യുവതിയാണ് യൂ ട്യൂബ് വീഡിയോ നോക്കി പ്രസവമെടുക്കാൻ ശ്രമിച്ചത്. ഭർത്താവ് ലോകനാഥൻറെ പിന്തുണയോടെയായിരുന്നു സംഭവം. സഹോദരിയുടെ സഹായവും ഇവർക്ക് ലഭിച്ചു.

ഡിസംബർ 13നായിരുന്നു ഡോക്ടർമാർ ഇവർക്ക് പ്രസവ തീയതി പറഞ്ഞിരുന്നത്. വേദന വരാത്തതിനാൽ ഇവർ ആശുപത്രിയിൽ പോകാതെ വീട്ടിൽ വിശ്രമിച്ചു. ശനിയാഴ്ച യുവതിക്ക് പ്രസവ വേദന തുടങ്ങി. എന്നാൽ ആശുപത്രിയിൽ പോകാതെ യൂ ട്യൂബ് നോക്കി പ്രസവിക്കാനായിരുന്നു യുവതിയുടെയും ഭർത്താവിൻറെ തീരുമാനം.

എന്നാൽ ഇവർക്ക് കാര്യങ്ങൾ നിയന്ത്രിക്കാനായില്ല. പ്രസവിച്ചയുടനെ കുഞ്ഞ് മരിക്കുകയും യുവതി അബോധാവസ്ഥയിലാകുകയും ചെയ്തു. തുടർന്ന് യുവതിയെ വെല്ലൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സംഭവവുമായി ബന്ധപ്പെട്ട് ഭർത്താവിനെ പോലീസ് കസ്റ്റഡിയിലെടുത്തു.

## പെൺകുട്ടിക്കു പീഡനം; സ്വയം പ്രഖ്യാപിത ആൾദൈവവും ഭാര്യയും പിടിയിൽ

ചെന്നൈ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കുകയും ഗർഭിണിയാക്കുകയും ചെയ്ത സംഭവത്തിൽ സ്വയം പ്രഖ്യാപിത ആൾദൈവവും ഭാര്യയും അറസ്റ്റിൽ.

ഗർഭം അലസിപ്പിച്ചില്ലെങ്കിൽ പെൺകുട്ടിയുടെ നഗ്ന ചിത്രം സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുമെന്നും ഇവർ ഭീഷണിപ്പെടുത്തിയത്രേ.

ചെന്നൈ സ്വദേശികളായ സത്യനാരായണനും ഭാര്യ പുഷ്പലതയുമാണ് അറസ്റ്റിലായത്. ഇവർ ഷിർദിപുരം സർവശക്തിപീഠം എന്ന പേരിൽ ഒരു ക്ഷേത്രം നടത്തുന്നതായും പോലീസ് പറഞ്ഞു. ഭാര്യ പുഷ്പലതയുടെ സഹായത്തോടെയാണ് ഇയാൾ പെൺകുട്ടിക്കു പതിനാറു വയസായപ്പോൾ ആദ്യം പീഡിപ്പിച്ചതെന്നു പോലീസ് പറഞ്ഞു.

പെൺകുട്ടി 2016ൽ പ്ലസ് ടുവിനു പഠിക്കുന്ന സമയത്തായിരുന്നു കേസിനാസ്പദമായ സംഭവം. സുഖമില്ലാത്ത അമ്മയ്ക്കു പുണ്യ ഭസ്മം വാങ്ങാൻ ആശ്രമത്തിൽ പോയതായിരുന്നു പെൺകുട്ടി. ഇരയുടെ മുത്തശ്ശി ഇതിനകംതന്നെ പെൺകുട്ടിയെ ദന്പതികൾക്കു പരിചയപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ഇവരുടെ ക്ഷേത്രത്തിൽ ചെന്നതിനു പിന്നാലെ പുഷ്പലത ജ്യൂസ് വാഗ്ദാനം ചെയ്തു. ജ്യൂസ് കുടിച്ച പെൺകുട്ടി ബോധരഹിതയായി. രണ്ടു മണിക്കൂർ കഴിഞ്ഞു താൻ ഉണർന്നു നോക്കുന്പോൾ കട്ടിലിൽ വസ്ത്രമില്ലാതെ കിടക്കുകയായിരുന്നെന്നും പെൺകുട്ടി പരാതിയിൽ പറയുന്നു.

വലിയ വേദനയും ശാരീരിക അവശതയും പെ ൺകുട്ടിക്കു തോന്നി. താൻ ആക്രമിക്കപ്പെട്ടു എന്നും അവൾക്കു മനസിലായി. എന്നാൽ, പിന്നീട് ഇവർ പകർത്തിയ നഗ്നദൃശ്യങ്ങൾ കാണിച്ചു നിരന്തരം ഭീഷണിപ്പെടുത്തുകയും ബലാത്സംഗം ചെയ്യുകയും ചെയ്യുകയായിരുന്നു പ്രതികൾ.

2018ൽ പീഡനത്തിന് ഇരയായ പെൺകുട്ടിവിവാഹിതയായി. 2020ൽ ഭർത്താവ് ജോലിക്കായി വിദേശത്തേക്കു പോയെന്നു മനസിലാക്കിയ സത്യനാരായണൻ വീണ്ടും യുവതിയെ ഫോണിൽ വിളിച്ചു ഭീഷണിപ്പെടുത്തുകയും നഗ്നചിത്രങ്ങൾ ഭർത്താവിന് അയച്ചുകൊടുക്കുമെന്നു പറഞ്ഞ് മാസങ്ങളോളം നിരവധി തവണ ബലാത്സംഗം ചെയ്തതായും യുവതി പറയുന്നു.

2020ൽ താൻ ഗർഭിണിയാണെന്നു മനസിലാക്കിയ യുവതി ഇക്കാര്യം സത്യനാരായണനോടും ഭാര്യയോടും പറഞ്ഞു. കുഞ്ഞിനെ ഗർഭച്ഛിദ്രം നടത്താൻ ഇവർ ഭീഷണിപ്പെടുത്തുകയും ചെയ്തു. അതിനിടെ ആത്മഹത്യക്കു ശ്രമിച്ച യുവതി ഈ വർഷം ജനുവരിയിൽ കുഞ്ഞിനു ജന്മം നൽകി.

ഈ വർഷം നവംബറിൽ യുവതിയുടെ ഭർത്താവ് കുടുംബത്തെ സന്ദർശിച്ചു വിദേശത്തേക്കു മടങ്ങിയിരുന്നു. ആ സമയത്തു യുവതിയെ വീണ്ടും കാണാൻ സ്വയം പ്രഖ്യാപിത ആൾദൈവമായ സത്യനാരായണൻ നിർബന്ധിച്ചു. ഒടുവിൽ ഇക്കാര്യം യുവതി ഭർത്താവിനെ അറിയിച്ചു.

തുടർന്ന് ഇവർ പോലീസിൽ പരാതി നൽകുകയായിരുന്നു. സത്യനാരായണനെതിരേ പോക്സോ ഉൾപ്പടെയുള്ള വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ഇയാൾക്ക് ഒരു യു ട്യൂബ് ചാനലുമുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.